# ഓല മാസിക

## ജെഎൻഎം ഗവ ഹയർസെക്കന്ററി സ്കൂൾ
## പുതുപ്പണം



# Sri T.C.Sathyanadhan
## Principal



ഓല ഡിജിററൽ മാഗസിനിന്റെ രണ്ടാം പതിപ്പിന് എല്ലാവിധ ആശംസകളും അറിയിക്കട്ടെ.  കുട്ടികളുടെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്നതിനൊപ്പം സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്ത് വെയ്ക്കുന്നതിനുള്ള ഒരു വേദിയാകട്ടെ  ഇത്

**Sri. Surendran Kavuthyat**
**( Head Master)**



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഓല മാഗസീനിന്റെ ഈ പതിപ്പ് എന്ത് കൊണ്ടും വേറിട്ടതാണ്. ഓല ഫേസ്ബുക്ക് പേജ് പോലെ തന്നെ സ്കൂളിന്റെ ഒരു സ്പന്ദനമായി മാറാൻ ഇതിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ വർഷം സ്കൂളിൽ നടന്ന എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്തു കഴിഞ്ഞു. ഇത് മറ്റുള്ള സ്കൂളുകൾക്കും മാതൃകയാകട്ടെ.

# പ്രിൻസിപ്പൽ പടിയിറങ്ങുന്നു...



# ജെഎൻഎം ഫെസ്ററ് 2020

**ജനവരി 18 ശനിയാഴ്ച്ച - വടകര ടൗൺഹാൾ**




54 വർഷമായി വടകരയിലെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനില്ക്കുന്ന വിദ്യാലയമാണ് ജെഎൻഎംഗവ. ഹയർസെക്കന്ററി സ്കൂൾ. അക്കാദമിക അനക്കാദമിക രംഗങ്ങളിൽ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ ഈ വിദ്യാലയത്തെ കേരളസർക്കാർ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട് . പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്തി 5.3 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് സ്കൂളിൽ ഉടൻ ആരംഭിക്കുന്നത്.

ഇത്തരമൊരവസരത്തിലാണ് ജെഎൻഎമ്മിന്റെ സമഗ്രപുരോഗതിക്ക് നീണ്ട വർഷങ്ങളായി അധ്യാപകനായും പ്രിൻസിപ്പളായും ഊർജസ്വലമായി നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് കൂടിയായ ശ്രീ. ടി. സി. സത്യനാഥൻ മാസ്റ്റർ തന്റെ സർവീസ് ജീവിതം പൂർത്തിയാക്കി സ്കൂളിന്റെ പടിയിറങ്ങാനൊരുങ്ങുകയാണ്. വടകരയിലെ സാമൂഹികസാംസ്കാരിക മേഖലകളിലെ സജീവസാന്നിദ്ധ്യമാണ് സത്യൻ മാസ്റ്റർ.

ദീർഘകാലമായി ഹൈസ്കൂൾ ഹിന്ദി അധ്യാപികയായി ജോലിചെയ്യുന്ന ശ്രീമതി ഇ .പി.ഇന്ദിര, സംഗീതാധ്യാപികയായ കെ. ടി. കെ ജയശ്രീ എന്നിവരും ഈ വർഷം സർവീസിൽ നിന്ന് വിരമിക്കും.

സ്കൂൾ അൻപത്തിനാലാം വാർഷികാഘോഷം, വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ്, ദേശീയ ധീരതാ പുരസ്കാരം നേടിയ പി.കെ.ഫത്താഹിനും സംസ്ഥാന മേളകളിൽ സമ്മാനർഹരായ വിദ്യർത്ഥികൾക്കുള്ള അനുമോദനവും ഉൾപ്പെടുത്തിക്കൊണ്ട് 2020 ജനവരി 18 ശനിയാഴ്ച്ച വൈകുന്നേരം മൂന്നുമണിമുതൽ വടകര ടൗൺ ഹാളിൽ വച്ച് ജെ. എൻ. എം. ഫെസ്റ്റ് 2020 നടന്നു. ഇതോടനുബന്ധിച്ച് 2-30 ന് വടകര പുതിയസ്റ്റാന്റിൽ നിന്ന് സാംസ്കാരിക ഘോഷയാത്ര നടന്നു . മൂന്നുമണി മുതൽ കുട്ടികളുടെ കലാപരിപാടികൾ നടന്നു.



**ജെ.എൻ.എം. ഫെസ്റ്റ് ഇന്ന് വടകരയിൽ**

വടകര ▸ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനായി സർക്കാർ മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുത്ത പുതുപ്പണം ജെ.എൻ.എം. ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ നേതൃത്വത്തിലുള്ള ജെ.എൻ.എം. ഫെസ്റ്റ് ശനിയാഴ്ച വടകര ടൗൺഹാളിൽ നടക്കും.

സ്കൂളിന്റെ 54-ാം വാർഷികാഘോഷം, വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ്, ദേശീയ ധീരതാ പുരസ്കാരം നേടിയ പി.കെ. ഫത്താഹിനും സംസ്ഥാന മേളകളിൽ സമ്മാനർഹരായ വിദ്യാർഥികൾക്കുമുള്ള അനുമോദനം തുടങ്ങിയ പരിപാടികളാണ് നടക്കുകയെന്ന് സംഘാടക സമിതി പത്രസമ്മേളനത്തിൽ അറിയിച്ചു.

5.3 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് സ്കൂളിൽ നടപ്പാക്കാൻ പോകുന്നത്. സ്കൂളിന്റെ സമഗ്രപുരോഗതിക്ക് വർഷങ്ങളായി അധ്യാപകനായും പ്രിൻസിപ്പലായും നേതൃത്വം നൽകിയ ടി.സി. സത്യനാഥൻ ഈ വർഷം സർവീസിൽനിന്ന് വിരമിക്കും. ഇദ്ദേഹത്തിനും ഹൈസ്കൂൾ ഹിന്ദി അധ്യാപിക ഇ.പി. ഇന്ദിരയ്ക്കും സംഗീതാധ്യാപിക കെ.ടി. കെ. ജയശ്രീക്കും യാത്രയയപ്പ് നൽകും.

ഉച്ചയ്ക്ക് 2.30-ന് വടകര പുതിയസ്റ്റാൻഡിൽ നിന്ന് സാംസ്കാരിക ഘോഷയാത്ര ഉണ്ടാകും. മൂന്നുമണി മുതൽ കുട്ടികളുടെ കലാപരിപാടികൾ. 5 30-ന് സാംസ്കാരിക സദസ്സ് മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. രാത്രി ഏഴുമുതൽ ഗാനസദസ്സ്. പത്രസമ്മേളനത്തിൽ സുരേന്ദ്രൻ കാവുതിയാട്ട്, വി.കെ. ബിജു, കെ.പി. ഷൈജു മാധവൻ, എം.പി. രഞ്ജിത്ത് ലാൽ തുടങ്ങിയവർ പങ്കെടുത്തു.

ഉദ്ഘാടനസമ്മേളനവും സാംസ്കാരിക സദസ്സും വൈകുന്നേരം 5 30 ന് ശ്രീ. സി. കെ. നാണു എം എൽ എയുടെ അധ്യക്ഷതയിൽ ബഹു . തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി. പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പി ടി എയുടെ ഉപഹാരസമർപ്പണം നഗരസഭാ ചെയർമാൻ ശ്രീ. കെ ശ്രീധരൻ നിർവഹിച്ചു. പ്രമുഖ നിരൂപകൻ ശ്രീ. ഇ.പി.രാജഗോപാലൻ മുഖ്യ പ്രഭാഷണം നടത്തി. വടകരയിലെ വിവിധ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകളിലെ പ്രമുഖർ ആശംസകൾ നേർന്നു . നാട്ടുകാരും അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടുന്ന ഗാനസദസ്സ് രാത്രി 7 മണിമുതൽ നടന്നു.

# പി കെ ഫത്താഹിന് സ്വീകരണം നൽകി

വടകര റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽനടന്ന ചടങ്ങിൽവെച്ച് ദേശീയധീരതാപുരസ്കാരം ഏറ്റുവാങ്ങിയ പുതുപ്പണം ജെഎൻഎംഗവ ഹയർസെക്കന്ററി സ്കൂൾ ഒൻ പതാംതരം വിദ്യാർത്ഥി പി.കെ.ഫത്താഹിന് സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും നാട്ടുകാരും ചേർന്ന്







ഗംഭീരസ്വീകരണം നൽകി. റെയിൽവേ സ്റ്റേഷനിൽ നിന്ന് തുറന്ന വാഹനത്തിൽ നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ സ്കൂളിലേക്ക് ആനയിച്ചു. തുടർന്ന് നടന്ന അനുമോദന ചടങ്ങിൽ പി.ടി.എ പ്രസിഡണ്ട്




വി.കെ.ബിജുവിന്റെ അധ്യക്ഷതയിൽ കൗൺസിലർ എം.പി അഹമ്മദ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ കെ.സുരേന്ദ്രൻ, രാധ.പി.ബഷീർ, കെ.പ്രമോദൻ, എ.പി.മോഹനൻ, അശോകൻ തായാട്ട്, പി.ടി.ബാബു എന്നിവർ ആശംസകൾ നേർന്നു. ഫത്താഹിന്റെ




രക്ഷിതാക്കളും നാട്ടുകാരും ചടങ്ങിൽ പങ്കെടുത്തു. ട്രെയിൻ വരുന്നതിനിടയിൽ റെയിൽവേ ട്രാക്കിൽപെട്ടുപോയ അമ്മയെയും കൊച്ചുമകനേയും രക്ഷപ്പെടുത്തിയതിനാണ് പി.കെ. ഫത്താഹ് ധീരതാപുരസ്കാരത്തിനർഹനായത്.



# ഫത്താഹിന് സ്വീകരണം



## ഫത്താഹിന് സ്വീകരണം

ദേശീയ ധീരതാപുരസ്കാരം ഏറ്റുവാങ്ങി മടങ്ങിയെത്തിയ
.കെ. ഫത്താഹിന് പുതുപ്പണം ജെ.എൻ.എം. സ്കൂളിൽ നൽകിയ സ്വീകരണം

ടകര ▸ റിപ്പബ്ലിക് ദിനത്തിൽ ൽഹിയിൽ നടന്ന ചടങ്ങിൽ ശീയ ധീരതാപുരസ്കാരം ഏറ്റു ങ്ങി മടങ്ങിയെത്തിയ വിദ്യാർ പി.കെ. ഫത്താഹിന് പുതുപ്പ ം ജെ.എൻ.എം. ഗവ. ഹയർ ക്കൻഡറി സ്കൂൾ വിദ്യാർഥി ും അധ്യാപകരും നാട്ടുകാരും ചേർന്ന് സ്വീകരണം നൽകി.

റെയിൽവേ സ്റ്റേഷനിൽനിന്ന് തുറന്ന് വാഹനത്തിൽ ഒട്ടേറെ വാഹനങ്ങളുടെ അകമ്പടിയോടെ സ്കൂളിലേക്ക് ആനയിച്ചു. അനുമോദനച്ചടങ്ങിൽ പി.ടി.എ. പ്രസിഡൻറ് വി.കെ. ബിജു അധ്യക്ഷത വഹിച്ചു. കൗൺസിലർ എം.പി. അഹമ്മദ് ഉദ്ഘാടനം ചെയ്തു.

ഹെഡ്മാസ്റ്റർ കെ. സുരേന്ദ്രൻ, രാധാകുമാരി, പി. ബഷീർ, കെ. പ്രമോദൻ, എ.പി. മോഹനൻ, അശോകൻ തായാട്ട്, ഗഫൂർ കരുവണ്ണൂർ, ഐശ്വര്യ, പി.ടി. ബാബു എന്നിവർ പ്രസംഗിച്ചു.



കുട്ടികൾക്കുള്ള ധീരതാപുരസ്കാരം

## രാജ്യത്തിന്റെ ആദരവ് ഏറ്റുവാങ്ങാൻ ആദിത്യയും ഫത്താഹും ഡൽഹിയിൽ

ന്യൂഡൽഹി ▸ ദേശീയ ധീരതാ പുരസ്കാരം ഏറ്റുവാങ്ങാൻ ആദിത്യയും ഫത്താഹും രാജ്യതലസ്ഥാനത്തെത്തി. തങ്ങൾക്കൊപ്പം ധീരതയ്ക്കുള്ള അവാർഡ് നേടിയ മുഹമ്മദ് മുഹ്സിൻ ഒപ്പമില്ലല്ലോയെന്ന വേദന അവർ ഉള്ളിലൊതുക്കി.

മുഹ്സിന് മരണാനന്തര ബഹുമതിയായാണ് അവാർഡ് ലഭിച്ചത്. പത്ത് പെൺകുട്ടികൾ ഉൾപ്പെടെ 23 പേർക്കാണ് ഇത്തവണ അവാർഡ്. വെള്ളിയാഴ്ചയോ ശനിയാഴ്ചയോ ഇവർ ദേശീയ പുരസ്കാരം ഏറ്റുവാങ്ങും.

നേപ്പാളിൽ വിനോദയാത്രയ്ക്കു പോയി മടങ്ങവേ തീപ്പിടിച്ച ബസിൽനിന്ന് ഒപ്പമുള്ളവരെ രക്ഷിച്ചതിനാണ് കോഴിക്കോട് രാമനാട്ടുകര സ്വദേശിയായ പ്ലസ് വൺ വിദ്യാർഥി ആദിത്യയ്ക്ക് ധീരതയ്ക്കുള്ള ഭരത് അവാർഡ് ലഭിച്ചത്.

ഇതാദ്യമായാണ് ഒരു മലയാളിക്ക് ഭരത് അവാർഡ് ലഭിക്കുന്നത്. പിതാവ് അനിഷിനൊപ്പമാണ് ആദിത്യ അവാർഡ് വാങ്ങാനെത്തിയത്.

തീവണ്ടിക്കുമുന്നിൽനിന്ന് അറുപതുവയസ്സുകാരിയെയും ഏഴു വയസ്സുകാരനായ പേരക്കുട്ടിയെയും രക്ഷപ്പെടുത്തിയതിനാണ് വടകര പുതുപ്പണം സ്വദേശി പി.കെ. ഫത്താഹിന് അവാർഡ്. പുതുപ്പണത്തെ ആക്കൂൽ റെയിൽപ്പാലത്തിനുസമീപം തീവണ്ടിക്കുമുമ്പിൽപ്പെട്ടവരെയാണ് ഫത്താഹ് രക്ഷിച്ചത്. പുതുപ്പണം ജെ.എൻ.എം. എച്ച്.എസ്.എസ്. ഒമ്പതാം ക്ലാസ് വിദ്യാർഥിയായ ഫത്താഹ് പിതാവ് പി.കെ. നിസാറിനും അമ്മ സുബൈദയ്ക്കുമൊപ്പമാണ് അവാർഡ് സ്വീകരിക്കാനെത്തിയത്.

കടലിൽ തിരയിൽപ്പെട്ട മൂന്നു സുഹൃത്തുക്കളെ രക്ഷിക്കുന്നതിനിടയിൽ ജീവൻ നഷ്ടപ്പെട്ട കോഴിക്കോട് തിക്കോടി സ്വദേശി മുഹമ്മദ് മുഹ്സിന് മരണാനന്തര ബഹുമതിയായാണ് ധീരതയ്ക്കുള്ള അഭിമന്യു അവാർഡ് ലഭിച്ചത്. ഇതാദ്യമായാണ് അഭിമന്യു അവാർഡ് ഏർപ്പെടുത്തുന്നത്. മുഹ്സിന്റെ പിതാവ് മുസ്തഫയും അമ്മ നാസിലയും അനുജത്തിമാരായ മിൻഹ ഫാത്തിമയും ആയിഷ മെഹ്റിനും അവാർഡ് സ്വീകരിക്കാൻ തലസ്ഥാനനഗരിയിലെത്തിയിട്ടുണ്ട്.

ധീരതാപുരസ്കാരജേതാക്കളായ കെ. ആദിത്യ, പി.കെ. ഫത്താഹ് എന്നിവർക്കൊപ്പം, മരണാനന്തര ബഹുമതിയായി അവാർഡ് ലഭിച്ച മുഹമ്മദ് മുഹ്സിന്റെ ചിത്രവുമായി പിതാവ് മുസ്തഫ

ധീരതയ്ക്കുള്ള ദേശീയ അവാർഡ് ഏറ്റുവാങ്ങാൻ ഡൽഹിയിലെത്തിയ കെ. ആദിത്യയും പി.കെ. ഫത്താഹും

# ഗാന്ധിസ്മരണയിൽ ഗാന്ധിജി പുസ്തക കോർണർ



പുതുപ്പണം ജെഎൻഎം ഗവ ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ വായനക്കൂട്ടം വിപുലമായ ഗാന്ധിയൻ പുസ്തകശേഖരമൊരുക്കിയത് രക്തസാക്ഷിത്വദിനമാചരിച്ചത്. ഗാന്ധിജിയുടെയും ഗാന്ധിജിയെക്കുറിച്ചുള്ളവയുമായ ഇരുനൂറ്റി അമ്പതിലധികം പുസ്തകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തിയത് ഏറെ ശ്രദ്ധേയമായി.

ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രമുഖരുടെ പുസ്തകങ്ങളെല്ലാം പുസ്തകകോർണറിൽ ലഭ്യമാണ് . റൊമൈൻ റോളണ്ട്, ലൂയിഫിഷർ, ജവഹർലാൽ നെഹ്റു, ഡോ.എസ്.രാധാകൃഷ്ണൻ, അബ്ദുൾകലാം ആസാദ്, വിനോഭബാവെ, ആചാര്യകൃപലാനി, ഇഎംഎസ്, ഡിജി.ടെന്റുൽക്കർ, കെ.അരവിന്ദാക്ഷൻ, എം.പി.മത്തായി, ഡോ.എൻ.രാധാകൃഷ്ണൻ, നിത്യചൈതന്യയതി എന്നിവരുടെയെല്ലാം പുസ്തകങ്ങൾ ഇവയിലുൾപ്പെടുന്നു.

ഗാന്ധിയൻകോർണറിന്റെ ഉദ്ഘാടനം പ്രധാനാധ്യാപകൻ കെ .സുരേന്ദ്രൻ നിർവ്വഹിച്ചു.എം.സി.പ്രമോദ്, എം.കെ.ജിനീഷ്, സി.പി.ഹരീഷ്, കെ.ഷരീന, ശ്യാമ.ജി, എസ്.എൻ.പാർവ്വതി, ജി.സ്വാതി, അബ്ദുള്ള ഹനാൻ എന്നിവർ സംസാരിച്ചു.

# മെയ്ക്കർ മൈൻഡ് റോബോട്ടിക്സ് ചാമ്പ്യൻഷിപ്പ്

പുതുപ്പണം. ജെഎൻഎം ഗവ ഹയർസെക്കന്ററി സ്കൂളിലെ അടൽടിങ്കറിങ്ങ് ലാബിന്റെയും കോഴിക്കോട് റോട്ടെക് എഡ്യൂവിന്റെയും നേതൃത്വത്തിൽ രണ്ടുദിവസങ്ങളിലായി നടന്ന മെയ്ക്കർ മൈൻഡ് റോബോട്ടിക്സ് ക്യാമ്പ് വിദ്യാർത്ഥികൾക്ക് ഒരു പുതിയ അനുഭവമായി മാറി . വടകരയിലെ പതിനഞ്ച് വിദ്യാലയങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടാണ് മത്സരാടിസ്ഥാനത്തിൽ ക്യാമ്പ് സംഘടിപ്പിച്ചത് . ശാസ്ത്ര ഗണിതശാസ്ത്ര രംഗത്തെ ഏററവും പുതിയ സാധ്യതകളെയും ഉപകരണങ്ങളെയും പരിചയപ്പെടുത്തുകയും അവ ഉപയോഗിച്ച് തനതായ കണ്ടുപിടിത്തങ്ങൾ നടത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിയത്.

റോബോട്ടിക് ഇലക്ട്രോണിക് സെൻസറുകൾ, ത്രീഡി പ്രിന്ററുകൾ എന്നിവയുടെ സഹായത്തോടെ വിദ്യാർത്ഥികൾ വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെട്ടു . മത്സരാടിസ്ഥാനത്തിൽ നടന്ന ഈ പരിപാടിയിൽ ഹൈസ്കൂൾ വിഭാഗത്തിൽ സായൂജ്, ഫിലിപ്സ് ലാൽ (കെ എം എച്ച് എസ് എസ് കോട്ടക്കൽ), റെനിൽ രമേശ്( ശ്രീനാരായണ എച്ച് എസ്) എന്നിവർ ഹൈസ്കൂൾ വിഭാഗത്തിലും മുഹമ്മദ് നസീം, മുഹമ്മദ് നിഹാൽ (ചെട്ട്യാത്ത് യുപി) എന്നിവർ യു .പി വിഭാഗത്തിലും മേഖലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പ്രധാനധ്യാപകൻ കെ.സുരേന്ദ്രന്റെ അധ്യക്ഷതയിൽ പ്രിൻസിപ്പൽ ടി .സി. സത്യനാഥൻ ഉദ്ഘാടനം ചെയ്തു. കെ.പ്രമോദൻ, പി.ബഷീർ, വി.പി.പ്രസന്നകുമാരി, സി.കെ.അപർണ്ണ എന്നിവർ സംസാരിച്ചു.

# ഒരു വയനാടൻ യാത്രാവിവരണം

കഴിഞ്ഞ വർഷം ഞങ്ങൾ കുടുംബസമേതം വയനാട് ജില്ലയിലെ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങൾ സന്ദർശിച്ചു.ഞങ്ങൾ ശനിയാഴ്ച്ച കാലത്ത് 6 മണിക്ക് യാത്രപുറപ്പെട്ടു.ടെമ്പൊ ട്രാവലർ എന്ന വാഹനത്തിൽ ആണ് ഞങ്ങൾ യാത്രപുറപ്പെട്ടത്.ഞങ്ങൾ വടകരയിൽ നിന്നും വില്ല്യാപ്പള്ളിവഴി തണ്ണീർപന്തൽ കുറ്റ്യാടി പക്രംന്തളം ചുരം വഴിയാണ് വയനട്ടിലേക്ക് പ്രവേശിച്ചത്.വയനാട്ടിലേക്കുള്ള യാത്രയിൽ ഏറ്റവും പ്രധാനപ്പെട്ട കാഴ്ച ചുരം വഴിയുള്ള പ്രകൃതി മനോഹരമായ കാഴ്ചയാണ് ചുരത്തിൽ 11 കൊടും വളവുകൾ ഉണ്ട്. വളവുകളുടെ ഏറ്റവും മുകളിൽ നിന്നും താഴെക്ക് നോക്കുമ്പോൾ എങ്ങും പച്ചപ്പ് നിറഞ്ഞു നിൽക്കുന്ന അതിമനോഹരമായ കാഴ്ചകാണാം. ആ കാഴ്ചയിൽ നമ്മുടെ കണ്ണും മനസ്സും കുളിർ കോരിയിടും. വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ടിലേക്കാണ് ആദ്യം പോയത്. ആ സമയത്ത് അണകെട്ടിന് സമീപമുള്ള ജലാശയത്തിലൂടെ ഞങ്ങൾ ബോട്ട് സർവീസ് നടത്തിയിരുന്നു.അവിടെയുണ്ടായിരുന്ന മറ്റൊരു പ്രധാന പ്രത്യോകത സൗരോർജം ഉൽപ്പാദന കേന്ദ്രമാണ്. ധാരാള സോളാർ പാനലുകൾ വഴിയാണ് സൗരോർജ്ജം ലഭിക്കുന്നത് ഇത്തരത്തിലുള്ള പദ്ധതി കേരളത്തിൽ വളരെ മികച്ചതാണ്.ബോട്ട് സഞ്ചാരം കഴിഞ്ഞതിന് ശേഷം ഞങ്ങൾ അവിടെ നിന്നും കുതിരപുറത്ത് കയറി കുറേ ദൂരം സഞ്ചരിച്ചു,കയറിയ സ്ഥലത്ത് തന്നെ തിരിച്ചു വന്നു.പിന്നെ ട്രാവലറിൽ കയറി അടുത്ത സ്ഥലത്ത് സഞ്ചരിച്ചു.അതൊരു തടാകമായിരുന്നു.വയനാട്ടിലെ മറ്റൊരു പ്രധാന വിനോദ സഞ്ചാരകേന്ദ്രമാണ് 'പൂക്കോട് തടാകം'.

വളരെ വിസ്തൃതിയാർന്ന ഓരു തടാകം ആണിത്. തടാകത്തിൻെറ വശങ്ങൾക്ക് ചുറ്റും നടന്ന് കാണാൻ നല്ല രസമാണ്.അതിൽ ചെറുബോട്ടുകളുടെ സഞ്ചാരവും അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉണ്ടായിരുന്നു. അതുകൂടാതെ അവിടെ വിവിദതരത്തിലുള്ള പക്ഷികളും മറ്റു ജീവജാലങ്ങളും ഉണ്ടായിരുന്നു.ചുരുക്കത്തിൽ പറഞ്ഞാൽ വയനാട്ടിലെ യാത്ര പഠനത്താലും ഏറെ പ്രാധാന്യമായി .അങ്ങനെ ട്രാവലറിൽ കയറി വീട്ടിലേക്ക് യാത്രയായി.

## മനം നിറഞ്ഞൊരു ഊട്ടി യാത്ര

എന്റെ ജീവിതത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട ഒരു യാത്രയാണ് ഊട്ടി -കൊടൈകനാൽ യാത്ര. ഊട്ടി മനോഹരമായ പ്രദേശമാണ്. ഞങ്ങൾ ഒരു കാറിലാണ് പോയത്. പലതരം കൃഷികൾ ഞങ്ങൾ കണ്ടു. കാപ്പി തോട്ടം, കാരറ്റ്, ചോളം, പിന്നെ അവർ തന്നെ നിർമ്മിക്കുന്ന ചോക്ക്ളേറ്റുകൾ. അവിടുത്തെ കാപ്പി തോട്ടം തട്ടു തട്ടായാണ് കൃഷി ചെയ്തിരിക്കുന്നത്. ഇത് മണ്ണൊലിപ്പ് തടയുന്നു. അവിടെ മുക്കിലും മൂലയിലും അവർ തന്നെ സ്വന്തം കൃഷി ചെയ്ത് വിൽക്കുന്ന പച്ചക്കറിയാണ്. അവിടെ നിറയെ മരങ്ങളാണ് . അതുകൊണ്ടു തന്നെ അവിടമൊരു പ്രകൃതിദത്ത അന്തരീക്ഷമാണ്. ഞങ്ങൾ അവിടെ നിരവതി സ്ഥലങ്ങൾ സന്ദർശിച്ചു . അതിൽ ചിലതാണ് അവലാഞ്ചിലെയ്ക്ക്, എവറാൾഡ്ലെയ്ക്ക്, ബോട്ടാനിക്കൽ ഗാർഡൻ, ഡോട്ട് ബേട്ടാ പീക്ക് തുടങ്ങിയവ. അവയെല്ലാം മനോഹരമായ സ്ഥലങ്ങളായിരുന്നു. അവിടെ നല്ല തണുത്ത കാലാവസ്ഥയാണ്. ഇവിടം വളരെ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. 12 ഹെയർപിൻ വളവുകൾ കഴിഞ്ഞാണ് അവിടെ എത്തുന്നത് . പല മൃഗങ്ങളേയും ഞങ്ങൾ കണ്ടു. പല വർണങ്ങളാർന്ന, മണമാർന്ന പുഷ്പ്പങ്ങൾ ഞങ്ങൾ കണ്ടു . അവിടുത്തെ ഫ്ളവർ ഷോ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

അതിനു ശേഷം ഞങ്ങൾ പോയ സ്ഥലമാണ് കൊടൈക്കനാൽ.

ഇത് വളരെ മനോഹരമായ സ്ഥലമാണ്. കുന്നും അരുവിയും നദിയും വെള്ളച്ചാട്ടവും ഒക്കെ നിറഞ്ഞ ഒരു വർണാഭമായ സ്ഥലമാണ് കൊടൈകനാൽ. ഇവിടെ വിദേശികളുടെ സഞ്ചാര സ്ഥലമാണ് . ഇവിടെയും പല രീതിയിലുള്ള കൃഷി ചെയ്യുന്നുണ്ട്. ഇവിടെ ശുദ്ദമായ മീനുകൾ പൊരിച്ച് കഴിക്കാനുള്ള അവസ്സരമുണ്ടായിരുന്നു. പണ്ട് കാലത്ത് സിനിമാക്കാരുടെ പ്രധാനപ്പെട്ട സ്ഥലമായിരുന്നു. ഇന്നും ഇത് തുടർന്നു വരുന്നു. ഈ സ്ഥലം കർണ്ണാടക ബോഡറുമായി ബന്ധപ്പെട്ട ഒരു സ്ഥലമാണ്. ഇവിടെ ഞങ്ങൾ 2 ദിവസം താമസിച്ചു. ഇവിടെ സന്ദർശിച്ചത് എന്റെ ജീവിതത്തിലെ ഏറ്റവും നല്ല യാത്രയാണ്.

Abhinand B R
VIII A

# ലഹരി വിരുദ്ധ പ്രതിജ്ഞ



# റിപ്പബ്ലിക്ക് ദിനാഘോഷം



# പാട്ടും വരയും



# മധുരവും ശാസനയും നൽകി വടകര നഗരം കീഴടക്കി

# JNM ലെ കുട്ടിപ്പോലീസുകാർ




വടകര: ട്രാഫിക് നിയമം പാലിച്ച് ശ്രദ്ധയോടെ വണ്ടിയോടിച്ചാൽ മിഠായിയോ മധുര പലഹാരമോ കിട്ടും ,ട്രാഫിക്കിന് ഇതെന്തു പറ്റിയെന്ന് കരുതി പുറത്തേക്ക് നോക്കുന്ന ഡ്രൈവർമാർ കണ്ടത് . ആത്മവിശ്വാസം മുറ്റിയ മുഖവുമായി നിൽക്കുന്ന കുട്ടിപ്പോലീസുകാരെ . .വടകര ട്രാഫിക് പോലീസ് നഗര ത്തിലെ ഗതാഗത നിയന്ത്രണം പുതുപ്പണം ജെ .എൻ.എം.ഗവ.ഹയർ സെക്കന്ററി സ്കൂളിലെ കാർത്തിക് മനോജ് കൃഷ്ണയുടേയും ,നാഫിയ മുസ്തഫ യുടേയും നേതൃത്വത്തിലുള്ള 44 അംഗ സ്റ്റുഡന്റ് പോലീസ് കാഡറ്റിനെ ഏൽപ്പിക്കുകയായിരുന്നു. ഹെൽമറ്റിടാത്തവർ, അശ്രദ്ധയോടെ വണ്ടിയോടിക്കുന്നവർ ,നോ പാർക്കിങ് ഏരിയയിൽ വണ്ടിയിട്ടവർക്ക് കിട്ടി സ്നേഹ ശാസന ,നന്നാവാൻ ട്രാഫിക് നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖയും ,കുട്ടിപ്പോലീസ് പിടിയിൽ പെട്ടവർ ജാഗ്രതയോടെ യാത്ര തുടരുന്നത് കാണാമായിരുന്നു . ആൺ കുട്ടികളും പെൺകുട്ടികളുമടങ്ങുന്ന ജെ .എൻ.എ മിലെ സീനിയർ എസ് .പി.സി. വിഭാഗമാണ് നഗരത്തിലിറങ്ങിയത്. നിയമ ലംഘനം അതിന്റെ ഉറവിടത്തിൽ കണ്ടെത്തി ബോധവൽക്കരിക്കുക എന്നതാണ് ട്രാഫിക് പോലീസിന്റെ ലക്ഷ്യം ,കുട്ടിപ്പോലീസിന്റെ തിളങ്ങുന്ന കണ്ണുകൾ ഒന്നൊഴിയാതെ അവ കണ്ടെത്തി തിരുത്തുകയും ചെയ്തു. മറക്കാൻ കഴിയാത്ത തിരുത്താവും ഓരോ യാത്രക്കാരനുമിത് .പഴയ സ്റ്റാൻഡ് പരിസരം, പുതിയ സ്റ്റാൻഡ്, എടോടി, ലിങ്ക് റോഡ്: .അടക്കാതെരു. ജംഗ്ഷൻ തുടങ്ങിയയിടങ്ങളിലെല്ലാം ഇവരുടെ ശ്രദ്ധയിലും നിയന്ത്രണത്തിലുമായിരുന്നു ..വടകര ഇൻസ്പെക്ടർ ഓഫ് പോലീസ് SHO അബ്ദുൾ കരിം, എസ് ഐ മാരായ ഷറഫുദ്ദീൻ കെ എ, മോഹനൻ പി.എം, അജയകുമാർ, CP0 ഷൈജു മാധവൻ, ACPO പി.പി.ഗിരിജ, ഡ്രിൽ ഇൻസ്ട്രക്ടർ രതീഷ് പടിക്കൽ, പ്രജീഷ്, ഹരിദാസ് മണ്ണുക്കണ്ടി, W P 0 ബിജി എന്നിവർ നേതൃത്വം നൽകി.

# ഉന്നത വിജയികളെ അനുമോദിച്ചു



# വികസന സ്വപ്നങ്ങൾ പൂവണിയുന്നു



# ശ്രദ്ധേയമായി ഭക്ഷ്യമേള









# പ്രതിഭയോടൊപ്പം



# വേറിട്ട ആത്മബന്ധം

പുലർക്കാലത്തെ കുയിലിന്റെ മധുരഗാനവും കേട്ടിട്ടായിരുന്നു കുറിച്ചിമലയിലെ മുത്തച്ഛനും പേരകുട്ടിയും എഴുന്നേറ്റത്.കുറിച്ചിമല എന്നത് കാടിനേയും,മലകളേയും,പുഴകളേയും ബന്ധിപ്പിക്കുന്ന ഒരു വലിയ മലയാണ്. അവിടെ കുന്നിൻ ചെരുവിൽ ആയിരുന്നു മുത്തച്ഛനും പേരകുട്ടി മുല്ലയും താമസിച്ചിരുന്നത്.മുല്ലയുടെ അച്ഛനും അമ്മയും കഴിഞ്ഞ സുനാമിയിൽ പെട്ടായിരുന്നു മരിച്ചത്.പിന്നെ അവ- മുത്തച്ഛനൊപ്പമായി.അവർക്ക് ജിമ്മി എന്ന ഒരു പട്ടിയും ഉണ്ടായിരുന്നു . അന്നത്തെ പുലർക്കാലം വളരെയധികം മധുരമുള്ളതായിരുന്നു. മുത്തച്ഛൻ കാലത്തേ എഴുന്നേറ്റു .അയാൾ പതുക്കേ ആ ചെറ്റക്കുടിലിന്റെ മുൻവാതിൽ തുറന്ന് പുറത്തേക്കൊന്ന്നോക്കി. നല്ല തണുപ്പുള്ള പ്രഭാതം .മഞ്ഞുതുള്ളികൾ ചെറ്റയുടെ ഓലയിൽ നിന്ന് പൊഴിയുന്നുണ്ടായിരുന്നു. അയാൾ മുൻപിലെ ഏലത്തോട്ടത്തിലും തേയിലത്തോട്ടത്തിലേക്കുമായി കണ്ണോടിച്ചു.പെട്ടന്ന് ചെറിയ ശബ്ദത്തിൽ കുരച്ചുകൊണ്ട് ജിമ്മിയും പുറകേയെത്തി.മുത്തച്ഛൻ ജിമ്മിയുടെ തലയിൽ ഒന്ന് തലോടികൊണ്ട് ചോദിച്ചു മോനേ നീ നേരത്തെ എഴുന്നേല്ലേയെന്ന് .അവൻ അതേഎന്നർത്ഥമുള്ള രീതിയിൽ വാലാട്ടുന്നുണ്ടായിരുന്നു.

അയാൾ അവനെയും കൂട്ടി അകത്തേക്കു ചെന്നു മകളെ കുലുക്കി വിളിച്ചു . അവൾ കണ്ണ് തിരുമ്മി കൊണ്ട് മുത്തച്ഛനേയും ജിമ്മിയെയും ഒന്ന് നോക്കി.മുത്തച്ഛൻ അവളുടെ തോളിൽ കൈവച്ചുകൊണ്ട് അവളെയും കൂട്ടി മുന്നിലേക്ക് ഇറങ്ങി. മുത്തച്ഛൻ പറഞ്ഞു. ഇന്ന് ജന്മിവരുന്നു. അതിനാൽ നേരത്തെ തോട്ടത്തിൽ ചെല്ലണമെന്നും അയാൾ അവളോട് പറഞ്ഞു.അവൾ പതുക്കെ ഒന്ന് മൂളി. പിന്നെ അവൾ തനിച്ച് അകത്തുപോയി.നല്ല ഒരു കട്ടൻ കാപ്പിയുമായി വന്നു മുത്തച്ഛന് കൊടുത്തു . മുത്തച്ഛൻ ആ കാപ്പികുടിയും കഴിഞ്ഞ് തോട്ടത്തിലേക്ക് ഇറങ്ങി. അവൾ വരാന്തയിലെ തൂണും പിടിച്ചെല്ലാം നോക്കി കാണുന്നുകയിരുന്നു.കൂടെ ജിമ്മിയും ഉണ്ട്.- അവൾ അവന് അൽപ്പം ബിസ്കറ്റ്കൊടുത്തു .മഞ്ഞ്തുള്ളികളെ സൂര്യകിരണ- ആഗിരണം ചെയ്തുകഴിരിക്കുന്നു. അവൾ ജിമ്മിയെയും കൂട്ടി തോട്ടത്തിലേക്ക് ഇറങ്ങി. മുത്തച്ഛൻ നടുവനക്കി ജോലി ചെയ്യുകയിരുന്നു.മുത്തച്ഛനാണെങ്കിൽ ശ്വാസം മുട്ടുന്നുണ്ടായിരുന്നു.തീരെ സുഖമില്ലാത്ത ഒരവസ്ഥയിലാണ് മുത്തച്ഛൻ.

# ദയാലുവായ ലഡുവില്പനകാരി

പണ്ട് പണ്ട് ദോലാപ്പൂർ എന്ന ഗ്രാമത്തിൽ സുമ എന്ന പേരുള്ള ഒരു ലഡു വില്പനക്കാരി ഉണ്ടായിരുന്നു.അനൾ കഠിനാധ്വാനിയും മനസ്സിൽ നന്മ നിറഞ്ഞതുമായ ഒരു സ്ത്രീ ആയിരുന്നു . അവൾ നല്ല രുചിയുള്ള ലഡു ഉണ്ടാക്കി ഗ്രാമത്തിൽ കൊണ്ടു പോയി വിൽക്കുമായിരുന്നു .ലഡു വിറ്റു ലഭിക്കുന്ന പണം കൊണ്ടാണ് അവളുടെ വീട്ടിലെ പട്ടിണിമാറ്റിക്കൊണ്ടിരുന്നത് . ആ ഗ്രാമത്തിലെ എല്ലാവർക്കും അവളുണ്ടാക്കുന്ന ലഡു വളരെ ഇഷ്ടമായിരുന്നു .അവൾ രാവിലെ തന്നെ ലഡു കൊട്ടയുമായി ഗ്രാമത്തിലെത്തും . എന്നിട്ട് ഉറക്കെ വിളിച്ചു പറയും

"ലഡു വേണോ,ലഡു നല്ല രുചിയുള്ള ലഡു..." കേൾക്കേണ്ട താമസം മുതിർന്നവരും കുട്ടി കളും ലഡു വാങ്ങാൻ ഓടിയെത്തും.

ഒരു ദിവസം സുമ തന്റെ ലഡു വിൽക്കാനായി പോയപ്പോൾ ഒരു പാവം കുട്ടി അവളുടെ മുമ്പിൽ വന്നു.ലഡു വേണോ എന്ന് ചോദിച്ചപ്പോൾ കുട്ടി ദുഃഖത്തോടെ പരഞ്ഞു :

"എന്റെ കയ്യിൽ ഒരു പണവുമില്ല. പിന്നെ എനിക്കെങ്ങനെ ലഡു കിട്ടും".

കുട്ടിയുടെ വാക്ക് കേട്ടപ്പോൾ സുമ തന്റെ കൊട്ടയിൽ നിന്ന് രണ്ട് ലഡു എടുത്ത് സന്തോഷത്തോടെ കുട്ടിക്ക് കൊടുത്തു. കുട്ടി സന്തോഷത്തോടെ നന്ദി പറഞ്ഞു വീട്ടിലേക്കു പോയി .കാശില്ലാത്ത കുട്ടികൾക്കൊക്കെ സുമ ലഡു വെറുതെ കൊടുക്കലുണ്ടായിരുന്നു .പയ്യെ പയ്യെ സുമയും ലഡുവും ദോലാപ്പൂരിൽ പ്രിയങ്കരമായി അറിയപ്പെടാൻ തുടങ്ങി .കച്ചവടത്തിൽ നിന്നും ലഭിച്ച പണം ഉപയോഗിച്ച് സുമ സ്വന്തമായൊരു ലഡുക്കട തുടങ്ങി.കച്ചവടം പെടി പെടിച്ചു

സുമയുടെ ഈ വളർച്ച കണ്ട് അസൂയപ്പെട്ട് ഒരാൾ ഉണ്ടായിരുന്നു .അത് മറ്റാരുമല്ല അവളുടെ കൂട്ടുകാരിയും അയൽക്കാരിയുമായിരുന്ന രമ . അങ്ങനെയിരിക്കെ ഒരു ദിവസം രമ സുമയുടെ കട കത്തിച്ചാമ്പലാക്കാൻ പദ്ധതിയിട്ടു.അന്ന് രാത്രി തന്നെ കട കത്തിക്കാനായി കടയ്ക്കരികിൽ വന്നു ചൂട്ട് കത്തിച്ചു.തീയിടാനായ് തുടങ്ങിയതും പെട്ടെന്ന് തന്നെ ദൈവാനുഗ്രഹത്താൽ വരുണദേവൻ മഴ പെയ്യിച്ചു. ശക്തമായ മഴ കാരണം ചൂട്ട മൊത്തം നനഞ്ഞിരുന്നു.അതോടെ ആ പദ്ധതി ഉപേക്ഷിച്ച് രമ വീട്ടിലേക്കു പോയി.

പിറ്റേ ദിവസം രാത്രി രമ സുമയുടെ വീട്ടിൽ ഒരു കള്ളനെ പോലെ കയറി .അവളുടെ പണപ്പെട്ടി കക്കാനായിരുന്നു പദ്ധതി. സുമ ഉറങ്ങിയെന്ന് ഉറപ്പുവരുത്തിയതിനു ശേഷം രമ അലമാരയിൽ പണപ്പെട്ടി എടുത്ത് തുറന്നു. അത്ഭുതമെന്നു പറയട്ടെ അതിൽ നിറയെ മൂർഖൻ പാമ്പുകളായിരുന്നു .പെട്ടിയിൽ നിന്നും പാമ്പുകൾ രമയെ ലക്ഷ്യമാക്കി പുറത്തേക്കു വരാൻ തുടങ്ങി . ഇതു കണ്ട രമ പേടിച്ചു വിറച്ചു എങ്ങോട്ടോ ഓടിപ്പോയി.കൂടെ പാമ്പുകളും.അങ്ങനെ പിന്നെ രമയെ ആ പരിസരത്തൊന്നും കണ്ടില്ല.

ഈ കഥയുടെ ഗുണപാഠമെന്തെന്നാൽ:

ഒരാളുടെ വളർച്ചയിൽ അസൂയപ്പെട്ടിട്ട് ഒരു കാര്യവുമില്ല .മറിച്ച് നമ്മൾ നമ്മളുടെ വളർച്ചക്കായി കഠിനമായി പരിശ്രമിച്ചാൽ മതി. അധ്വാനിക്കാനും പരിശ്രമിക്കാനും നന്മ നിറഞ്ഞതുമായ മനസ്സുള്ളൊരാളും ഒരിക്കലും ജീവിതത്തിൽ പരാജയപ്പെടുകയില്ല.

ദേവനന്ദ .എ.പി,

9 -ജി

i

യാത്രാവിവരണം

# ബേക്കൽകോട്ട.

1. കാസർഗോടിലെ ഒരു സ്ഥലമായിരുന്നു ബേക്കൽകോട്ട. ഞാൻ പല സ്ഥലങ്ങളിലും പോയിട്ടുണ്ട് പക്ഷെ ഞങ്ങൾക്ക് കാസർഗോട് പോയതായിരുന്നു ഇഷ്ടപ്പെട്ടത്. അത് ഒരു വലിയ അനുഭവമായിരുന്നു. പണ്ട് രാജാക്കന്മാർ താമസിച്ച കോട്ടയായിരുന്നു അത്. ഒരു വലിയ കോട്ട, അതിനു മൂന്നു വശങ്ങളായിരുന്നു. പല പല വെടിവയ്പ് മറകൾ ഓരോ മതിലിനും ഉണ്ടായിരുന്നു. വലിയ വലിയ കുന്നു വലകങ്ങളായിരുന്നു അവിടെ സൃഷ്ടിച്ചിരുന്നത്. തുടർച്ചയായ മൂന്നു രാജാക്കന്മാരായിരുന്നു ആ കോട്ട കൈയേറിയിരുന്നത്. നാൽപതു ഏക്കർ സ്ഥലത്താണ് കോട്ട സ്ഥിതിചെയ്യുന്നത്. ശിവപനായ്ക്കയാണ് ആ കോട്ട നിർമിച്ചത്. 1950 AD യിലായിരുന്നു നിർമാണം. ആ കോട്ടയുടെ ഉള്ളിൽ നിന്നും നോക്കിയാൽ കടൽ കാണാമായിരുന്നു. ഈ യാത്രകൊണ്ട് എനിക്ക് സന്തോഷവും നല്ലൊരു അനുഭവവും കിട്ടി. ഞാനും അച്ഛനും അമ്മയുമായിരുന്നു അവിടെ പോയത്. ഞങ്ങൾ അവിടെ അടുത്തുള്ള പാർക്കുകളൊക്കെ സന്ദർശിച്ചു. എനിക്കുണ്ടായതിൽവച്ച് ഒരു നല്ല അനുഭവമായിരുന്നു ബേക്കൽകോട്ട സന്ദർശിച്ചപ്പോൾ എനിക്ക് കിട്ടിയത്.

## സബ്ജില്ലയിൽ തുടർച്ചയായി ഏഴാം തവണയും കിരീടവുമായി
## സ്കൂൾ മാത്സ് ക്ലബ്ബ്






